# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെക്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 11/1857/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെക്യാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 11/1857/2023 തീയ്യതി: 22/12/2023

## കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 25-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.കെ.സതീഷ്കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ.ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീജിത്ത്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നസീമ കൊട്ടാരത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. നിഷ.പി.വി | സെക്രട്ടറി | 01-04-2022 | 18-08-2022 |
| | | 30-08-2022 | 31-03-2023 |
| ശ്രീ. ബാബുരാജ്.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-08-2022 | 29-08-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബുരാജ്.കെ.പി | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. രേഖ.ടി.പി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഹരിത.ടി.ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. നിഷ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ റനീഷ്.പി | അസി. എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ. രഞ്ജിത്ത്.പി.കെ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. അഖില അശോകൻ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ. അനിൽകുമാർ.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. അഖിൽ.കെ | വെറ്ററിനറി സർജൻ | 01-04-2022 | 24-09-2022 |
| ഡോ. അഖിലാൽ.കെ.എസ് | വെറ്ററിനറി സർജൻ | 25-09-2022 | 20-02-2023 |
| ഡോ. അഞ്ജനപ്രസാദ് | വെറ്ററിനറി സർജൻ | 21-02-2022 | 31-03-2023 |
| ശ്രീമതി. സുനിഷ.ഇ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ വ്യത്യാസം | 1-1-6 |
| 8 | രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് തുക വ്യത്യാസം | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | തനത് വരുമാനം- ഡിമാന്റ് പൂർണ്ണമല്ല. | 1-8 |
| 19 | നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല. | 1-9 |
| 20 | അനധികൃത കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-10 |
| 21 | ബോട്ടിൽ ബൂത്ത് മിനി എംസിഎഫ് സ്ഥാപിക്കൽ - ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നു | 1-11 |
| 22 | ബഡ്ഡ് സ്കൂൾ സജ്ജീകരണം ഫർണിച്ചർ വാങ്ങൽ - അപാകതകൾ | 1-12 |
| 23 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-13 |
| 24 | പ്രതലം ഉറപ്പിക്കൽ പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-14 |
| 25 | തെറ്റായ ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി-ആവശ്യകത ഉറപ്പ് വരുത്തിയില്ല | 1-15 |
| 26 | ഐറിഷ് ഡ്രെയിൻ നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-16 |
| 27 | GST രജിസ്ട്രേഷൻ ഇല്ലാത്ത സാധനങ്ങൾക്കും ജി.എസ്.ടി അനുവദിക്കുന്നു. | 1-17 |
| 28 | അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു. | 1-18 |
| 29 | സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ തുക നൽകുന്നു. | 1-19 |
| 30 | സൈറ്റ് അളവുകൾ പൊരുത്തപ്പെടുന്നില്ല. | 1-20 |
| 31 | ടേക്ക് എ.ബ്രേക്ക് പദ്ധതി- അവലോകനം | 1-21 |
| 32 | ക്ഷീര വികസന മേഖലയിലെ പദ്ധതികൾ ആസൂത്രണ-നിർവ്വഹണ ഘട്ടത്തിലെ അപാകതകൾ. | 1-22 |
| 33 | ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് നൽകിയിട്ടും നാളിതുവരെയായി പ്രവർത്തി പൂർത്തിയാക്കിയില്ല | 1-23 |
| 34 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് യിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല | 1-24 |
| 35 | ഗുണഭോക്താക്കൾക്ക് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു | 1-25 |
| 36 | ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത | 1-26 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | പ്രതലം ഉറപ്പിക്കൽ പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകത | 3-1 |
| 2 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 3-2 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05/07/2023 ലെ 120/2023 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase/decrease In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (-145935) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും (14894199) പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

തനത് ഫണ്ട് അക്കൗണ്ടിന്റെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Bank Account | Date | Instrument No | Amount |
|---|---|---|---|
| Chekkiad Service Co-op Bank Own Fund | 22.04.2022 | 115970 | 1000 |

| | | | |
|---|---|---|---|
| (002001000102) | 28.04.2022 | 115995 | 1228 |
| | 04.05.2022 | 115993 | 1361 |
| | 01.06.2022 | 115954 | 8993 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ അക്കൗണ്ടിൽ നിന്നും മേൽ തുകകൾ പിൻവലിച്ചതിന് ആധാരമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തുനികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല . 2022 – 23 ൽ 11/03/2023, 31/03/2023 തീയതികളിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-5 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി റസിഡൻഷ്യൽ, നോൺ-റസിഡൻഷ്യൽ ഇനങ്ങളിലെ 2022-23 വർഷത്തെ കളക്ഷൻ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക RP-45 പ്രകാരം | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വസ്തു നികുതി (റസിഡൻഷ്യൽ) | 24,30,740 | 24,37,808 |
| വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) | 15,11,724 | 15,13,339 |

### 1-1-6 ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ വ്യത്യാസം

ഡെപ്പോസിറ്റ് ഇനത്തിൽ 2021-22 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2022-23 വർഷം ലഭിച്ച തുക RP-33 വരവ് ഭാഗം) - (2022-23 വർഷത്തെ ചെലവ് RP-33 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 5,44,306 രൂപയും 2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 4,99,806 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-7 രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 12,850/- രൂപയുടെ സ്റ്റോർസ് 2022-23 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-9 ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് തുക വ്യത്യാസം

വാർഷിക ധനകാര്യ പത്രിക I-6,B-3ഷെഡ്യൂളുകൾ പ്രകാരം 2022 -23 വർഷത്തിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് 4742681/-ആണ് (I-6+B-3) . എന്നാൽ സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളും രേഖകളും പ്രകാരം CFC ചെലവ് 4742628 ആണ്. 53/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-2 ബജറ്റ്

ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ 46/2022 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 20,63,080 |
| വരവ് | 30,28,16,400 |
| ആകെ | 30,48,79,480 |
| ചെലവ് | 30,30,59,580 |
| നീക്കിയിരിപ്പ് | 18,19,900 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,89,31,911 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,56,80,055 |
| ആകെ | 5,46,11,966 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,58,25,990 |
| നീക്കിയിരിപ്പ് | 1,87,85,976 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,76,90,000 | 1,76,90,000 | 1,64,03,872 | 12,86,128 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7,54,000 | 7,54,000 | 7,54,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 6,37,000 | 6,37,000 | 6,37,000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1,93,20,000 | 1,93,20,000 | 1,89,30,516 | 3,89,484 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 46,77,000 | 46,77,000 | 41,71,921 | 5,05,079 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | - | - | - | - | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് (PFMSമുഖേന) | 2,10,250 | 31,51,415 | 33,61,665 | 15,41,501 | 18,20.164 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | - | 18,09,039 | 18,09,039 | 12,30,822 | 5,78,217 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 25,60,351 | 44,84,000 | 70,44,351 | 19,70,305 | 50,74,046 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റൻസ് ഫണ്ട് (റോഡ്) , മെയിന്റൻസ് ഫണ്ട് (നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 7,97,20,812 | 1,91,80,083 |
| വികസന ഫണ്ട് (എസ്.സി.പി) | 15,54,813 | 8,65,598 |
| വികസന ഫണ്ട് (ടി.എസ്.പി) | 10,18,913 | 8,60,913 |

| | | |
|---|---|---|
| മെയിന്റൻസ് ഫണ്ട് (നോൺറോഡ്) | 1,05,88,876 | 54,21,876 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസന ഫണ്ട് (ടി.എസ്.പി), മെയിന്റൻസ് ഫണ്ട് (നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 131317907 | 150 | 57203632 | 10 | 34 | 77.31 % |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 3027506 | 2329749 | 76.95% |
| വെറ്ററിനറി സർജൻ | 5 | 4 | 1996000 | 1604000 | 80.36% |
| മെഡിക്കൽ ഓഫീസർ) (സി.എച്ച്.സി) | 12 | 11 | 5059241 | 3885403 | 76.79% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 58 | 37897313 | 26786992 | 70.68% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 24 | 67421415 | 10666173 | 15.82% |
| ഹെഡ്മാസ്റ്റർ | 6 | 6 | 735000 | 675650 | 91.92% |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5745700 | 5279804 | 91.89% |
| സെക്രട്ടറി | 32 | 25 | 6930947 | 4809708 | 69.39% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 350000 | 309973 | 88.56% |
| അസിസ്റ്റന്റ് സെക്രട്ടറി | 19 | 11 | 2154785 | 856180 | 39.73% |
| | 194 | 150 | 131317907 | 57203632 | 43.56% |

ഡി.പി.സി. അംഗീകാരം ലഭിച്ച 194 പ്രൊജക്ടുകളിൽ 150 എണ്ണം ഓഡിറ്റ് വർഷം പൂർത്തിയാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 131317907/-രൂപ വകയിരുത്തിയതിൽ 57203632/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 43,56,800 | 391 |
| വിധവാപെൻഷൻ | 88,01,600 | 836 |
| വാർദ്ധക്യകാലപെൻഷൻ | 1,87,23,400 | 1783 |
| വികലാംഗപെൻഷൻ | 32,61,800 | 305 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-12-2023 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,319/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 തനത് വരുമാനം- ഡിമാന്റ് പൂർണ്ണമല്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ **243 (എച്ച്)** പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ.

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കു. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി / ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുണ്ട്.

തനത് വരുമാന സ്രോതസ്സുകൾ താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പിരിച്ചെടുക്കുന്ന സമീപനം ഉണ്ടാവേണ്ടതുണ്ട്. ഡിമാന്റ് പൂർണ്ണമാക്കുന്ന നടപടികൾക്കാണ് ഗ്രാമപഞ്ചായത്ത് മുൻതൂക്കം നൽകേണ്ടത് . വർദ്ധിക്കുന്ന ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകാത്തത് തുടർ വർഷങ്ങളിലെ വികസന പ്രവർത്തനങ്ങളെ ബാധിക്കാനിടയുണ്ട്. നിലവിൽ ഡിമാന്റ് ചെയ്യപ്പെടുന്ന തുക 100% പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുന്നുണ്ടെങ്കിലും ഡിമാന്റ് പൂർണ്ണമാക്കുന്നതിനുള്ള നടപടി ഉണ്ടാവേണ്ടതുണ്ട്.

വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. **1994**ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് **200**പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ **203**ാം വകുപ്പ്, **2011**ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. **2022-23** സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ചെക്യാട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, തൊഴിൽ നികുതി, മറ്റ് നികുതി വരുമാനം എന്നിവയുടെ പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തുകൾ പിരിച്ചെടുക്കേണ്ട പ്രധാന നികുതികൾ

| ഇനങ്ങൾ | കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് |
|---|---|
| വസ്തുനികുതി | 203 |
| തൊഴിൽനികുതി | 204 |
| വിനോദനികുതി | 200 , ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് 196 & റൂൾസ് 1962 |
| സേവനനികുതി | 203 , 2011 ലെ കേ.പ.രാ (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 |

വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ്

പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതിയുടെ 13.04.2023 ലെ 117/23 നമ്പർ തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 24.05.2023 ന് പത്രത്തിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും നിരക്കുകൾ 20.07.2023 ന് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-റിവ്2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിലടക്കം കാലതാമസം ഉണ്ടായിട്ടുണ്ട്. ആയത് തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനേയും ബാധിച്ചിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതി നിരക്കുകളിൽ ഒക്ടോബർ മാസത്തിൽ മാത്രമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകുകയും ചെയ്തിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

2019 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ ,ചട്ടം 21 പ്രകാരം, ഒക്യുപൻസി നൽകിയ കെട്ടിടങ്ങൾ, ചട്ടത്തിൽ പറഞ്ഞ ചെറിയ കെട്ടിടങ്ങളുടെ കാര്യത്തിലൊഴികെ , ഒക്യുപൻസി നൽകിയ തീയതി മുതൽ 2വർഷത്തിനകം സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 22 പ്രകാരം 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് ഈ കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതുമാണ്. പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച മൂലം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

22.03.2023ലെ സ.ഉ (സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം 30.06.2023 തിയ്യതിക്കകം ഫീൽഡ് തല പരിശോധനകൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം പാലിക്കുകയോ ഖണ്ഡിക 12 പ്രകാരം ആയതിലേക്കായി നാമമാത്രമായ ജീവനക്കാരെ മാത്രമെ നിയോഗിച്ചിട്ടുള്ളൂ. ഇക്കാരണത്താൽ തന്നെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടില്ല.

അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷമുള്ള വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചപ്പോൾ 2023-24 പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ച പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി (ഒക്ടോബർ 2023 വരെയുള്ളത് ) പഴയ നിരക്ക് അടിസ്ഥാനമാക്കിയാണ് നിർണ്ണയിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയർ കാലികമാക്കുന്നതിലുള്ള കാലതാമസം മൂലം പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതിന്റെയും കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട അധിക ബാധ്യത സ്ഥാപനത്തിനുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

എ) ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്.മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് ചതുരശ്ര മീറ്ററിനു 30 രൂപ എന്ന കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി ഡിമാന്റ് ചെയ്തു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊയിലോത്ത് ഷെഫീഖ് മുഹമ്മദ്,കൊയിലോത്ത് നിയാസ് മുഹമ്മദ്,കൊയിലോത്ത് മുഹമ്മദ്,കൊയിലോത്ത് തസ്നീം എന്നവരുടെ 13/47 A മുതൽ **13/47 Q** വരെ നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം **674.02** ച.മീ ആണ്. എന്നാൽ **100** ച.മീ താഴെയുള്ള വാണിജ്യാവശ്യ കെട്ടിടത്തിനുള്ള **30** രൂപ നിരക്കിലാണ് പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുള്ളത്. **48529** രൂപയാണ് കെട്ടിടത്തിന്റെ ആകെ നികുതിയായി കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ **30** രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തുന്നില്ല.

250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടേതര കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകുന്ന സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓരോ മുറിയുടെയും വിസ്തീർണ്ണം 250 ച.മീ താഴെയാണെന്ന കാരണത്താൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നു.

ഉദാ-**1.**

**കൊയിലോത്ത് ഷെഫീഖ് മുഹമ്മദ്,കൊയിലോത്ത് നിയാസ് മുഹമ്മദ്,കൊയിലോത്ത് മുഹമ്മദ്,കൊയിലോത്ത് തസ്നീം എന്നവരുടെ 13/47 A മുതൽ 13/47 Q വരെ നമ്പർ അനുവദിച്ച കെട്ടിടം.** പൂർത്തീകരണ അപേക്ഷയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിൽ തറയുടെ തരം രേഖപ്പെടുത്തുകയോ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ **15%** വർദ്ധനവ് ബാധകമാക്കുകയോ ചെയ്തിട്ടില്ല.

**ഫീൽഡ് തല പരിശോധന കാര്യക്ഷമമല്ല– അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടിയില്ല.**

ഹമീദ്, ഒരവ് കണ്ടിയിൽ, ചെക്യാട് എന്നവരുടെ ഉടമസ്ഥതയിലുള്ള 8/358 A മുതൽ 8/358 G വരെ നമ്പർ നൽകിയ കെട്ടിടം 02.12.23 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ അനുമതിയില്ലാതെ നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. പ്ലാനിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള പ്രവേശനമാർഗ്ഗവും സൈറ്റിൽ ലഭ്യമല്ല. അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട് . ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണപൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

മേൽ പരാമർശിച്ച തരം അപാകതകൾ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതാണെങ്കിലും അപാകതകൾ ആവർത്തിക്കുന്നതിൽ നിന്നും സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അപകടാവസ്ഥ ഗൗരവത്തിലെടുക്കാതെയാണ് നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ ചുമതലാ നിർവ്വഹണം നടത്തുന്നതെന്ന വസ്തുത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല. സേവന നികുതി ചുമത്തുന്നതിന്റെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.പ്രൊഫഷണലുകൾ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ , ഒഡിറ്റോറിയം , എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവ്യൂഹം തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

നികുതി ഈടാക്കുന്നത് വരുമാനം നിർണ്ണയിക്കാതെ

വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കുന്നതിലും ഒരാൾ മാത്രമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കുമ്പോഴും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെയല്ല. തൊഴിൽ നികുതി ചട്ടങ്ങളുടെ അനുബന്ധമായുള്ള ഫോറം 2ൽ റിട്ടേൺ വാങ്ങിയാണ് നികുതി ഈടാക്കേണ്ടിയിരുന്നതെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ഈ നികുതി എപ്രകാരം

നിശ്ചയിക്കപ്പെടുന്നു എന്ന് വ്യക്തമല്ല.അപാകത മൂലം നികുതി നഷ്ടത്തിലേക്ക് നയിക്കാനുള്ള സാഹചര്യം ഇതുമൂലമുണ്ടായിട്ടുണ്ട്.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (വകുപ്പ് 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ ) ചട്ടം 14എ പ്രകാരം സ്ഥാപനങ്ങളേയും വ്യക്തികളേയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ വിന്യസിക്കുന്ന പക്ഷം ഫീൽഡ് തല ജീവനക്കാരുടെ മനുഷ്യശേഷി ലാഭിക്കാൻ സാധിക്കും. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ, തൊഴിൽ ദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ അപാകതകൾക്ക് കാരണമായി. നികുതി വലയം വിപുലമാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കുകിയിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

<u>എഫ്.ടി.ഇ.എ.ഒ.സ് ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല.</u>

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ).

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ് തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ് തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) ഫീൽഡ് തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
- 1996 ലെ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 14 A യിൽ പരാമർശിക്കുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ സാധ്യത പരിശോധിക്കേണ്ടതും മേൽ സോഫ്റ്റ്‌വെയർ മുഖേന പഞ്ചായത്ത് പരിധിയിലെ വ്യാപാര-വ്യവസായ-സംരഭങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

<u>മറ്റ് വരവുകൾ</u>

മയ്യഴി പുഴയുടെ തീരങ്ങങ്ങളിൽ ഗ്രാമപഞ്ചായത്തിന് പുഴ പുറമ്പോക്കുകൾ ഉണ്ടായിരിക്കാനുള്ള സാധ്യത

പരിശോധിക്കപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള ആസ്തികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വില്ലേജ് ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധിക്കേണ്ടതും പുറമ്പോക്കുകൾ ഉള്ളപക്ഷം ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആസ്തി പ്രയോജനപ്പെടുത്തി വരുമാനം ആർജ്ജിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ (ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ) ഫലവൃക്ഷങ്ങൾ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരുമാന നഷ്ടമുണ്ടാകാനിടയുണ്ട്.

നികുതി നൽകാൻ ബാധ്യസ്ഥരായവരെല്ലാം നികുതി നൽകിയെന്ന് ഉറപ്പ് വരുത്തണമെങ്കിൽ നികുതിദായകരുടെ പൂർണ്ണമായ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഈ ലിസ്റ്റ് തുടർച്ചയായി പുതുക്കുകയും വേണം. ആയതിലേക്ക് പിരിവിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തണം.

തൊഴിൽ നികുതി സംബന്ധിച്ച ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലൈസൻസ്/രജിസ്ട്രേഷൻ/ പെർമിറ്റ് എടുക്കാൻ ബാധ്യസ്ഥരായവർ അവ യഥാസമയം എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അർപ്പിതമായ ബാധ്യത നിറവേറ്റുന്നതിനും ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതിരിക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

**1-9 നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല.**

2022-23 വർഷത്തെ ക്രമവത്കരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് വേണ്ടി ലഭ്യമായ അപേക്ഷകൾ വിവിധ അപാകതകൾ ചൂണ്ടി കാണ്ടി നിരസിക്കുകയോ തുടർ നടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം, തിയ്യതി | അപേക്ഷയുടെ വിശദാംശം | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | നിരസിച്ച/അറിയിപ്പ് നൽകിയ തിയ്യതി. |
|---|---|---|---|---|---|
| 1 | A2/1754/22, Dt. 24.08.2022 | മുഹമ്മദ്.കെ.കെ. കുരുളികണ്ടിയിൽ | പാർപ്പിടം | 428.07 ച.മീ | 21.10.2022 |
| 2 | A2/104/22, Dt. 13.04.2022 | വിജീഷ് , വണ്ണാത്തൻകണ്ടി. | വ്യവസായം | 27.6 ച.മീ | 19.10.2022 |
| 3 | A2/807/22, Dt. 08.06.2022 | നന്ദകുമാർ.പി ഇന്റസ് ടവേഴ്സ്. | ടവർ | 23.74 ച.മീ | 01.08.2022 |
| 4 | A2/1811/21, Dt. 15.09.2021 | പ്രസിഡണ്ട് സിറാജുൽ ഹുദ | വിദ്യഭ്യാസം | 3452.3 ച.മീ | 15.09.2021 |

മേൽ കെട്ടിടങ്ങൾ ഓഡിറ്റ് തിയ്യതിവരെയും ക്രമവത്കരിച്ചിട്ടില്ല. കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട് . ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണപൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നുണ്ട് . ചട്ട വിരുദ്ധമായും അശാസ്ത്രീയമായും നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ ഉടമകൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന വസ്തുത ഫീൽഡ് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഇത്തരം നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിലും നോട്ടീസ് സ്ഥിരപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിലുമുണ്ടായ വീഴ്ചക്ക് സെക്രട്ടറി ഉത്തരവാദിയാണ്.

ഇത്തരം കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും U/A നമ്പർ നൽകി പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. മേൽ കെട്ടിടങ്ങളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അദാലത്ത് നടത്തുന്നത് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉചിതമാവും.

**1-10 അനധികൃത കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

4 കൊയിലോത്ത് ഷെഫീഖ് മുഹമ്മദ്,കൊയിലോത്ത് നിയാസ് മുഹമ്മദ്,കൊയിലോത്ത് മുഹമ്മദ്,കൊയിലോത്ത് തസ്നീം എന്നവരുടെ 13/47 A മുതൽ **13/47 Q** വരെ നമ്പർ അനുവദിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചത് സംബന്ധിച്ച് പരാതിയെ തുടർന്ന് ഒക്യുപൻസി അനുവദിച്ച നടപടി റദ്ദ് ചെയ്യുകയും ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതുമാണ്. കെട്ടിടത്തിനാവശ്യമായ പ്രവേശനമാർഗ്ഗം, ഡ്രൈവ് വേ എന്നിവയുടെ അഭാവത്തിൽ കെട്ടിടം സ്ഥിതി ചെയ്യുന്നതിന്റെ മുൻപിലുള്ള പ്ലോട്ടിലെ പ്രവേശനമാർഗ്ഗം, ഡ്രൈവ് വേ എന്നിവ ഉപയോഗിക്കുന്നതിന് ഉടമ സമ്മതിച്ചതായുള്ള വ്യാജ സമ്മത പത്രം ചമച്ചതായാണ് നിലവിലുള്ള കേസ്. കെട്ടിട നമ്പർ റദ്ദ് ചെയ്തെങ്കിലും കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. 02.12.2022 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിൽ മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടു. തത്സ്ഥിതി തുടരണമെന്ന കോടതി നിർദ്ദേശം ലംഘിച്ചാണ് മേൽ സ്ഥാപനങ്ങൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. കേസ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും കേസിന് കാരണമായ വ്യാജമെന്ന് ആരോപിക്കപ്പെടുന്ന സമ്മതപത്രം , വിധിയുടെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലെന്നും കാണുന്നു.

സ്ഥലം ഉടമയുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിനുണ്ടാകേണ്ട തുറസ്സായ ഭാഗത്തിൽ നിബന്ധനകളോടെ ഇളവ് അനുവദിക്കുന്നതിന് കെ.പി.ബി.ആർ ലെ വ്യവസ്ഥകൾ പ്രകാരം സാധ്യമാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗ്ഗം (3.6 മീ വീതി ), ഡ്രൈവ് വേ എന്നിവ സ്ഥലം ഉടമയുടെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതല്ല. മാത്രമല്ല പ്രസ്തുത പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ തുറസ്സായ ഭാഗം മറ്റൊരു കെട്ടിടത്തിന്റെ ഡ്രൈവ് വേ ആയോ പ്രവേശനമാർഗ്ഗമായോ ഉപയോഗിക്കാൻ സാധിക്കുന്നതല്ല. മേൽ സാഹചര്യത്തിലും വ്യാജമെന്ന് ആരോപിക്കപ്പെടുന്നതും നിയമസാധുത ഇല്ലാത്തതുമായ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല. വീഴ്ചക്ക് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഭരണസമിതി വിശദീകരണം തേടേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-11 ബോട്ടിൽ ബൂത്ത് മിനി എംസിഎഫ് സ്ഥാപിക്കൽ - ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നു**

പ്രൊജക്റ്റ് നമ്പർ- 46/23

അടങ്കൽ-613540/-

ചെലവ്-5,98,485/-(17 ,20.5.22)

നിർവഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെക്യാട് ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ സ്ഥാപിക്കുന്നതിനായി 15 മിനി എംസിഎഫ് നിർമ്മിക്കുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ച് ക്യാപ്പിറ്റൽ വൺ ട്രേഡിങ് എന്ന സ്ഥാപനത്തിന് കരാർ നൽകി. 30.3.22ലെ കമ്പനിയുടെ ഇൻവോയ്സ് പ്രകാരം ഉള്ള തുകയായ 5,98,485/- രൂപ 20.5.22 ൽ നൽകുകയും ചെയ്തിട്ടുണ്ട്. മാർച്ച് 2022 ലഭ്യമായ 15 മിനി എം സി എഫ് കളിൽ 5 എണ്ണം നാളിതുവരെയായി എവിടെയും സ്ഥാപിക്കാതെ പഞ്ചായത്തിന് മുൻവശത്തുള്ള ഒരു കൊമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്നത് നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. 1,99,495/-(5x39,899) രൂപ വിലവരുന്ന 5 മിനി എംസിഎഫുകൾ പദ്ധതി പണം ചെലവഴിച്ച് വാങ്ങി ഒന്നര വർഷത്തോളമായി ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, താൽക്കാലികമായി സോർട്ട് ചെയ്ത് സൂക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ 5 മിനി എം സി എഫ് കൾ പഴയ പഞ്ചായത്ത് ബിൽഡിംഗിന് പുറകിലെ ആളൊഴിഞ്ഞ പറമ്പിൽ സൂക്ഷിച്ചിരിക്കുന്നത് എന്ന് അറിയിച്ചിണ്ട്. 15 വാർഡുകളിലേക്കായി വാങ്ങിയ മിനി എം സി എഫു കൾ ഇങ്ങനെ ഒരു സ്ഥലത്ത് മാത്രം കൂട്ടിയിട്ടിരിക്കുന്നത് പദ്ധതിയുടെ ലക്ഷ്യത്തിന് വിരുദ്ധമാണ്. തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 199495/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-12 ബഡ്സ് സ്കൂൾ സജ്ജീകരണം ഫർണിച്ചർ വാങ്ങൽ - അപാകതകൾ**

പ്രൊജക്റ്റ് നമ്പർ - 58/23

അടങ്കൽ - 4,80,000/-

ചെലവ് - 2,03952/-(46, 5.8.22)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

2022-23 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി പ്രകാരം 2,03,952/- രൂപ ചെലവഴിച്ചു, ടെൻഡർ നടപടികൾ സ്വീകരിച്ച് ARTCO യിൽ നിന്നാണ് ഫർണിച്ചറുകൾ ബഡ്സ് സ്കൂളിലേക്ക് വാങ്ങിയിട്ടുള്ളത്. 29.11.23ന് ഓഡിറ്റിന്റെ ഭാഗമായി ബഡ്സ് സ്കൂൾ സന്ദർശിക്കുകയുണ്ടായി. സ്കൂൾ ആരംഭിക്കുന്നതിനുള്ള യാതൊരുവിധ സംവിധാനങ്ങളും ഒരുക്കിയതായി കണ്ടില്ല. സ്കൂളിലേക്ക് വേണ്ട ടീച്ചർ ആയ എന്നിവരെ നിയമിച്ചിട്ടില്ല. എത്ര കുട്ടികൾ ഉണ്ടാവുമെന്ന് കൃത്യമായ കണക്കുകളും ഇല്ല. 19.3.22ന് ആർട്ക്കോ ഫർണിച്ചറുകൾ ലഭ്യമാക്കി 5.8.22ന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

ബഡ്സ് സ്കൂൾ തുടങ്ങുന്നതിനുള്ള യാതൊരുവിധ മുന്നൊരുക്കങ്ങളും ഇല്ലാതെ ഫർണിച്ചറുകൾ വാങ്ങി ശേഖരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ച് ഫർണിച്ചറുകൾ ഉപയോഗപ്രദമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

**1-13 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല**

ചെക്യാട് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | കരാർ തീയതി | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാല യളവ് | സൈറ്റ് കൈ മാറിയ തീയതി | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തി യാക്കിയ തീയതി | Agreed PAC | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | കരാറുകാരൻ |
|---|---|---|---|---|---|---|---|---|---|---|
| 1 | പ്രോജ.നം 27/22-23 പാലോറ ബൈപ്പാസ് റോഡ് നിർമ്മാണം | 07.02.22 | 6 മാസം | 07.02.22 | 05.08.22 | 27.03.23 | 683563.69 | ഫൈൻ ഇടാക്കിയില്ല | 20506.90 | സുകേഷ്. സി.പി |
| 2 | പ്രോജ.നം 34/22-23 ജാതിയേരി തോണിമുക്ക് കുടിവെള്ള പദ്ധതി നവീകരണം | 19-01-2022 | 7 മാസം | 19-01-2022 | 16-08-22 | 23-02-23 | 443092.77 | ഫൈൻ ഇടാക്കിയില്ല | 13292.8/- | പി.സി. ബഷീർ |
| 3 | പ്രോജ.നം 23/22-23 ഘടക സ്ഥാപനങ്ങളുടെ ഓഫീസ് സജ്ജീകരണം | 28-12-21 | 7 മാസം | 28-12-21 | 25-07-2022 | 27-03-23 | 356765.27 | ഫൈൻ ഇടാക്കിയില്ല | 10702.9/- | കെ.ഹമീദ് |
| | ആകെ | | | | | | | | **44,502.6/-** | |

2021-22ൽ ആരംഭിച്ച പട്ടികയിലെ മൂന്നാമത്തെ പ്രവൃത്തിക്ക് (ഘടക സ്ഥാപനങ്ങളുടെ ഓഫീസ് സജ്ജീകരണം) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനായി ഭരണ സമിതി തീരുമാനിക്കുന്നത് 19-09-2022ലെ 166(8)/22നമ്പർ തീരുമാനപ്രകാരമാണ്. സാങ്കേതിക അനുമതി പ്രകാരം 25-07-2022ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാതെ സമയ പരിധി കഴിഞ്ഞ് 2 മാസത്തോളം കഴിഞ്ഞാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതും. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കരാറുകാരന്റെ വീഴ്ച മൂലം തന്നെയാണ്. ഇതിനാൽ കരാറുകാരൻ പിഴ അടയ്ക്കാൻ ബാധ്യസ്ഥനാണ്.

01.02.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസി.എഞ്ചിനിയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല . ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക് ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. . സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായിട്ടും പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**1-14 പ്രതലം ഉറപ്പിക്കൽ പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകത**

പ്രോജ.നം -161/22-23

പ്രോജക്റ്റിന്റെ പേര് - അന്ത്യേരി പന്നിയെടുക്കിൽ റോഡ് നവീകരണം

നിർവ്വഹണം - അസി.എഞ്ചിനിയർ

വകയിരുത്തിയ തുക - 400000/- (MG-Road)

ചെലവഴിച്ച തുക - 400000/-

ബിൽ നം - 01414830 Dtd 20S-03-23

ബിൽ തുക - 400000/-

പദ്ധതി പ്രകാരം അന്ത്യേരി പന്നിയെടുക്കിൽ എന്ന ഈ റോഡ് 120.5 മീറ്റർ നീളത്തിൽ റീ ടാർ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതി എം ബുക്ക് പരിശോധിച്ചതിൽ നിന്നും, റോഡിന് ഇരു വശവുമായി 69.6മീറ്റർ നീളത്തിലും 25 സെന്റീമീറ്റർ വീതിയിലും Construction Of Sub Grade And Earthen Shoulders എന്ന 3.14ഡാറ്റ പ്രകാരം പ്രതലം ഉറപ്പിക്കൽ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 11.919m3പ്രവൃത്തിയാണ് ഈ ഡാറ്റയിൽ ചെയ്തതായി കാണിച്ചിരിക്കുന്നത്. ഇതിന് ബിൽ പ്രാകരം ജി.എസ്.ടി ഉൾപ്പടെ 6377/-രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 01-12-2023ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത റോഡിന് ഇരുവശവും ഉയർന്ന മതിൽ ഉള്ളതായും മതിലിനോട് ചേർന്നാണ് റോഡ് നിർമ്മിച്ചിരിക്കുന്നത് എന്നും കണ്ടു. ഇതിനാൽ എം. ബുക്ക് പ്രകാരം സൈഡ് പ്രൊട്ടക്ഷനായി 25സെന്റീമീറ്ററിൽ 3.14ഡാറ്റയിൽ ചെയ്ത പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തിട്ടില്ല എന്ന് കണ്ടു. ഇത് കരാറുകാരന് പ്രവൃത്തി ചെയ്യാതെ തുക നൽകാനിടയാക്കിയിട്ടുണ്ട്.

അപാകത സമ്പന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ **6377/-** രൂപ തിരിച്ച് ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-15 തെറ്റായ ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി-ആവശ്യകത ഉറപ്പ് വരുത്തിയില്ല**

പ്രോജക്റ്റ് നം - 117/23

പദ്ധതിയുടെ പേര്- കാലിക്കുളമ്പ് കിഴക്കുംമുറി റോഡ്

വകയിരുത്തിയ തുക – 800000/- (എം.ജി. റോഡ്)

ചെലവഴിച്ച തുക – 800000/-

പദ്ധതി പ്രകാരം റീ ടാർ ചെയ്ത കാലിക്കുളമ്പ് കിഴക്കുംമുറി റോഡിന്റെ ഒരു ഭാഗം കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എം.ബുക്ക് പ്രകാരം 3.6m3ആണ് ഈ കോൺക്രീറ്റ് പ്രവൃത്തി ചെയ്തിരിക്കുന്നത്. ഇതിനായി എടുത്തിരിക്കുന്നത് 75.8.1എന്ന ഡാറ്റയാണ്. ഇത് പ്രകാരമാണ് ബിൽ തുക നൽകിയിരിക്കുന്നത്. എന്നാൽ 01-12-2023ന് നടത്തിയ സ്ഥല പരിശോധനയിൽ മേൽ കോൺക്രീറ്റ് പ്രവൃത്തി ചെയ്തിരിക്കുന്നത് രണ്ട് റോഡുകൾ ചേരുന്ന ഭാഗത്താണ്. ഒരു ഭാഗം ഡ്രൈനേജിലേക്ക് ഇറക്കിയാണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. ഇതിനാൽ തന്നെ മേൽ കോൺക്രീറ്റ് പ്രവൃത്തിയ്ക്ക് ഫോം വർക്ക് ആവശ്യമില്ലാത്തതാണ്. ഇവിടെ എസ്റ്റിമേറ്റിൽ നൽകിയിരിക്കുന്ന ഡാറ്റ ഫോം വർക്ക് ഉൾപ്പെടുന്നതാണ്. ഈ പ്രവർത്തിക്ക് 8750/-രൂപ നിരക്കിൽ (3.6$M^2$ ന് ) ആകെ 37170/-രൂപ നൽകിയതിൽ ചെയ്യാത്ത ഫോം വർക്കിനായി 4% തുക (1486.8 /- രൂപ) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. കോൺക്രീറ്റ് പ്രവർത്തികളിൽ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തികളിൽ ഫോം വർക്ക് വരുന്ന ഡാറ്റ ഉപയോഗിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-16 ഐറിഷ് ഡ്രെയിൻ നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നം - 129/23

പദ്ധതിയുടെ പേര്- തിരുമ്പൽ പുഴ റോഡ്

വകയിരുത്തിയ തുക – 958079/- (എം.ജി. റോഡ്)

ചെലവഴിച്ച തുക – 958079/-

പദ്ധതി പ്രകാരം ചെയ്ത തിരുമ്പൽ പുഴ റോഡിന്റെ പൊട്ടിപ്പളിഞ്ഞ ഭാഗം 3മീറ്റർ വീതിയിൽ സ്കാരിഫൈ ചെയ്താണ് റോഡ് റീ ടാർ ചെയ്തിരിക്കുന്നത്. കൂടാതെ പദ്ധതി എം ബുക്ക് പ്രകാരം റോഡിന്റെ ഇരു വശത്തുമായി ആകെ 433.5മീറ്ററിൽ ഐറിഷ് ഡ്രെൻ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ എം ബുക്കിൽ ആകെ 174 മീറ്റർ നീളത്തിൽ മാത്രമാണ് Construction Of Subgrade And Earthen Shoulders എന്ന 3.14ഡാറ്റ പ്രകാരമുള്ള പ്രതലം ഉറപ്പിക്കൽ പ്രവൃത്തി ചെയ്തതായി മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

അതായത് 433.5മീറ്റർ കോൺക്രീറ്റ് ഐറിഷ് ഡ്രയിൻ ചെയ്ത പ്രവൃത്തിയിൽ 174മീറ്ററിൽ മാത്രമാണ് മണ്ണ് ഉറപ്പിച്ചിട്ടുള്ളൂ എന്ന് കാണുന്നു. ബാക്കി 259.5മീറ്ററിൽ മണ്ണ് ഉറപ്പിക്കാതെയാണ് കോൺക്രീറ്റ് ഐറിഷ് ഡ്രയിൻ പ്രവൃത്തി ചെയ്തിരിക്കുന്നത് എന്ന് കാണാം. ഇപ്രകാരം മണ്ണ് ഉറപ്പിക്കാതെ കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് കോൺക്രീറ്റ് പെട്ടന്ന് തകരുന്നതിന് ഇടയാക്കുന്നതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/22-23)മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-17 GST രജിസ്ട്രേഷൻ ഇല്ലാത്ത സാധനങ്ങൾക്കും ജി.എസ്.ടി അനുവദിക്കുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിനായി നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും വിതരണക്കാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം ആസൂത്രണം ചെയ്ത ആസ്തി നിർമ്മാണ പദ്ധതികൾക്കാവശ്യമായ മണൽ, മെറ്റൽ, സിമന്റ് , ക്വാറി മക്ക് മുതലായവ ആകെ കണക്കാക്കി ടെണ്ടർ ചെയ്യുന്നതിന് പകരം ഓരോ പ്രവൃത്തികൾക്കും കണക്കാക്കി വെവ്വേറെ ടെണ്ടറിലൂടെ വാങ്ങിയതിലൂടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഇത് മൂലം ഒരേ സാധനങ്ങൾ വ്യത്യസ്ത നിരക്കിലാണ് സമാഹരിക്കപ്പെട്ടിട്ടുള്ളത്. അംഗീകൃത റീടെയിൽ, ഹോൾസെയിൽ വിതരണക്കാരിൽ നിന്നും സമാഹരിക്കുന്നതിന് പകരം വർക് കോൺട്രാക്ടർമാരിൽ നിന്നുമാണ് മണൽ, മെറ്റൽ, സിമന്റ് , ക്വാറി വേസ്റ്റ് എന്നിവ വാങ്ങിയിട്ടുള്ളത്. സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കരാറുകാർക്ക് മണൽ, മെറ്റൽ, സിമന്റ് , ക്വാറി വേസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലായിരുന്നുവെന്നത് വ്യക്തമായിട്ടുണ്ട്. ചില കരാറുകാർ സമർപ്പിച്ച ബില്ലുകളിൽ HSN കോഡ് രേഖപ്പെടുത്തുകയോ ബിൽ നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| കരാറുകാരന്റെ പേര് | ജി.എസ്.ടി രജി നം | ജി.എസ്.ടി രജിസ്ട്രേഷൻ പ്രകാരമുള്ള സേവനങ്ങളും ചരക്കുകളും |
|---|---|---|
| കൊലവൻസ് പ്രൈവറ്റ് ലിമിറ്റഡ് | 32AAHCK7323A1Z2 | ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം, ( 14.01.2023 മുതൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തു. ) |
| മനോജൻ പരവന്റെ | 32CPQPK8897G1Z4 | ബിൽഡർ |

| | | |
|---|---|---|
| കിഴക്കയിൽ | | |
| ഇസ്മയിൽ പള്ളിത്തറ | 32AKQPP7857A1ZX | മണൽ |

അംഗീകൃത റീടെയിൽ, ഹോൾസെയിൽ വിതരണക്കാരിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിന് പകരം വർക്ക് കോൺട്രാക്ടർമാരിൽ നിന്നും സാധനങ്ങൾ സമാഹരിച്ചത് ശരിയായ നടപടിയല്ല . മേൽ കരാറുകാരുടെ ജി.എസ്.ടി രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്യാത്ത ഇനങ്ങൾ വിതരണം ചെയ്തതിന് ബില്ലുകളിൽ ജി.എസ്.ടി രേഖപ്പെടുത്തി ക്ലെയിം ചെയ്തിട്ടുണ്ട്. മണൽ, മെറ്റൽ, സിമന്റ് , ക്വാറി വേസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത മേൽ കരാറുകാർക്ക് ജി.എസ്.ടി ഇനത്തിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കരാറുകാർ പ്രസ്തുത ബില്ലുകൾ ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-18 അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു.**

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക അനുവദച്ചിരിക്കുന്നത് സ്റ്റാക്ക് ചെയ്ത അളവിനാണ്. CPWD സ്പെസിഫിക്കേഷൻ ഖ 16.4 , പട്ടിക 16.12, 16.13 എന്നിവ പ്രകാരം 63mm To 40 Mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം വോയിഡ് കുറവ് ചെയ്യാതെ അളവുകൾ രേഖപ്പെടുത്തുന്നതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. ഒരു ഉദാഹരണം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | പറമ്പത്ത് മുക്ക് തയ്യുള്ളതിൽ റോഡ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | ടി.കുഞ്ഞിരാമൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 14.69 $M^3$ |
| അളവു പുസ്തകം | 229/21-22 |

ടി.കുഞ്ഞിരാമൻ എന്നവരുടെ 15.07.2022 ലെ 3/22-23 നമ്പർ ബില്ല് പ്രകാരം 14.69 $M^3$ 40 MM മെറ്റലിന് 2034 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ എം ബുക്കിൽ രേഖപ്പെടുത്തിയ മെഷർമെന്റിൽ 7.5% വോയിഡ് കുറവ് ചെയ്യാതെ കരാറുകാരന്റെ ബിൽ പ്രകാരമുള്ള അളവിനനുസൃതമായാണ് തുക അനുവദിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ വോയിഡ് കുറവ് ചെയ്യുമ്പോൾ 13.58 $M^3$ മെറ്റൽ മാത്രമെ പ്രവൃത്തിക്ക് ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്നത് വ്യക്തമാണ്. 1.11 $M^3$ മെറ്റലിന്റെ തുകയായ 2257.74 രൂപ കരാറുകാരന് അധികം നൽകപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും യഥാർത്ഥത്തിലുള്ള അളവുകൾ പരിശോധിച്ച് രേഖപ്പെടുത്തുന്നതിന് പകരം കരാറുകാരന്റെ ബില്ല് പ്രകാരമുള്ള അളവുകൾ എം ബുക്കിലേക്ക് പകർത്തിയെഴുതുകയാണ് ചെയ്തിട്ടുള്ളത് എന്നത് വ്യക്തമാണ്. ഇതിൽ നിന്നും റേഷ്യോ പാലിക്കാതെയാണ് കോൺക്രീറ്റിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്നും വ്യക്തമാകുന്നു .സാധനങ്ങളുടെ സംഭരണ അളവുകൾ രേഖപ്പെടുത്തുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് അധിക തുക നൽകുന്നതിനും പ്രവൃത്തിയുടെ ഗുണമേന്മ നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അപാകതകൾ പരിഹരിച്ച് കരാറുകാർക്ക് അധിക തുക നൽകിയിട്ടുള്ളത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-19 സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച നിരക്കിൽ തുക നൽകുന്നു.**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത് , 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430 രൂപയാണെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ നിലനിൽക്കെയാണ് കരാറുകാർക്ക് ഉയർന്ന നിരക്കിൽ സിമന്റിന് തുക അനുവദിച്ചിട്ടുള്ളത്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | പറമ്പത്ത് മുക്ക് തയ്യുള്ളതിൽ റോഡ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | ടി.കുഞ്ഞിരാമൻ |
| സ്റ്റാക്ക് ചെയ്ത സിമന്റിന്റെ അളവ് | 11ടൺ |
| അളവു പുസ്തകം | 229/21-22 |
| FTO നമ്പരും തിയ്യതിയും | തി.16.03.2023 |

ടി.കുഞ്ഞിരാമൻ എന്നവരുടെ 15.07.2022 ലെ 3/22-23 നമ്പർ ബില്ല് പ്രകാരം 11ടൺ സിമന്റിന് 126720 രൂപ അനുവദിച്ചിട്ടുണ്ട്. 50 കിലോയുടെ ബാഗ് ഒന്നിന് 576 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ബില്ലിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ് , ഗ്രേഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സിമന്റിന്റെ വില മാർക്കറ്റ് നിരക്കിലോ MRP യിലോ പരിമിതപ്പെടുത്തി നൽകുന്നതിലുണ്ടായ വീഴ്ച വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധിക തുക നൽകിയിട്ടുള്ളത് ഈടാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-20 സൈറ്റ് അളവുകൾ പൊരുത്തപ്പെടുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിച്ച പറമ്പത്ത് മുക്ക് തയ്യുള്ളതിൽ റോഡ് എന്ന കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ സൈറ്റ് അളവുകൾ എം ബുക്ക് അളവുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. എം ബുക്കിൽ റോഡിന്റെ ആദ്യത്തെ 4 മീറ്റർ ചെയിനേജിന്റെ വീതിയായി രേഖപ്പെടുത്തിയിട്ടുള്ളത് (6.35+2.65)/2 ആണ്. അതായത് കൂടിയ വീതി 6.35 മീറ്ററും കുറഞ്ഞ വീതി 2.65 മീറ്ററുമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സൈറ്റിൽ പ്രസ്തുത ചെയിനേജിൽ പരമാവധി വീതി 4.8 മീറ്റർമാത്രമാണെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. എം ബുക്കിൽ രേഖപ്പെടുത്തിയതിനേക്കാൾ 2 മീറ്ററോളം കുറവ് നീളത്തിലുമാണ് സൈറ്റിൽ റോഡ് നിർമ്മിച്ചിട്ടുള്ളത്. സൈറ്റ് അളവുകളിലെ വിത്യാസത്തിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആദ്യത്തെ 4 മീറ്റർ ചെയിനേജിൽ നിർവ്വഹിച്ച എർത്ത് ഫില്ലിംഗ് , ക്വാറിമക്ക് ഫില്ലിംഗ് , 1:4:8 കോൺക്രീറ്റ് , 1:2:4 കോൺക്രീറ്റ് എന്നീ പ്രവൃത്തികളുടെ അളവ് 4x(6.35+2.65)/2 എന്ന നീളത്തിലും വീതിയിലുമാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ റോഡിന്റെ തുടക്കഭാഗമായ ആദ്യത്തെ ഒരുമീറ്ററിൽ മാത്രമെ 2.65 മീറ്ററിനേക്കാൾ വീതിയുള്ളൂ എന്നിരിക്കെ 4 മീറ്റർ ചെയിനേജിൽ ശരാശരി വീതി കണക്കാക്കിയത് മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വ്യത്യാസമുള്ള ആദ്യത്തെ ഒരുമീറ്ററിലെ അളവ് പ്രത്യേകം കണക്കാക്കുന്നതിന് പകരം 4 മീറ്ററിൽ കണക്കാക്കിയത് ശരിയായ രീതിയല്ല.

| ആദ്യത്തെ 4 മീറ്റർ ചെയിനേജിലെ മണ്ണ് ഫില്ലിംഗിന്റെ അളവ് (എം ബുക്ക് പ്രകാരം) | വിഭജിച്ച് അളവ് രേഖപ്പെടുത്തിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന അളവ് | വ്യത്യാസം |
|---|---|---|
| 4x(6.35+2.65)/2x .2 = 3.6 M3 | 1x(6.35+2.65)/2x .2 + 3x2.65x .2= .9+ 1.59 =2.49m3 | 1.11 M3 |

എർത്ത് ഫില്ലിംഗ് , ക്വാറിമക്ക് ഫില്ലിംഗ് , 1:4:8 കോൺക്രീറ്റ് , 1:2:4 കോൺക്രീറ്റ് എന്നീ പ്രവൃത്തികളുടെ അളവുകൾ സമാന രീതിയിലാണ് രേഖപ്പെടുത്തിയതെന്നതിനാൽ പ്രവൃത്തിമൂല്യം , ഉപയോഗിച്ച മെറ്റീരിയലുകൾ എന്നിവ യഥാർത്ഥത്തിലുള്ള അളവുകളേക്കാൾ അധികമാണെന്നത് വ്യക്തമാണ്. പ്രസ്തുത ചെയിനേജിലെ പരമാവധി വീതി 4.8 മീറ്റർ മാത്രമാണെന്നതും ഇവിടെ പ്രസക്തമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ടേക്ക് എ.ബ്രേക്ക് പദ്ധതി- അവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതു ശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ,

തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവിൽ [സ.ഉ.(സാധാ)നം.1401/2020 /ത.സ്വ.ഭ.വ.] ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകുകയും ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് നം 236/20-21 ആയി 2020-21ൽ 1110000/-രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തെങ്കിലും പദ്ധതി നടപ്പായില്ല. തുടർന്ന് ചെക്യാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പാറക്കടവ് ടൗണിൽ നാദാപുരം പാറക്കടവ് പൊതുമരാമത്ത് റോഡിനോട് ചേർന്ന് പാറക്കടവ് പാലത്തിന് സമീപം സ്ഥലം കണ്ടെത്തുകയും പി.ഡബ്ലിയു.ഡി റോഡ്സ് വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള ചെക്യാട് വില്ലേജിൽ ഉൾപ്പെട്ടതും പാറക്കടവ് ദേശത്തുള്ളതുമായ റി.സ 12/1ൽ പെട്ട 3സെന്റ് സ്ഥലം കോഴിക്കോട് ജില്ലാ കലക്ടറുടെ 06-10-2021ലെ നടപടിക്രമ പ്രകാരം വിട്ട് കിട്ടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 1110000/-രൂപ വകയിരുത്തി 2021-22 ൽപ്രോജക്റ്റ് (പ്രോജ.നം-155/21-22) തയ്യാറാക്കുകയും ശ്രീ.പി.സി ബഷീർ എന്ന ആൾ പ്രവൃത്തി കരാറെടുക്കുകയും ചെയ്തു (കരാർ തീയതി 19-01-22).

എന്നാൽ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയർ സെക്രട്ടറിയ്ക്ക് 12-07-23ന് നൽകിയ കത്ത് പ്രകാരം ടേക്ക് എ ബ്രേക്കിന് ലഭ്യമായ പാറക്കടവിലെ സ്ഥലത്ത് പൊതു ജനങ്ങളിൽ നിന്നും എതിർപ്പുണ്ടായ സാഹചര്യത്തിൽ നിർമ്മാണം തുടങ്ങാൻ സാധിച്ചിട്ടില്ല എന്നും നിലവിലെ സാഹചര്യത്തിൽ ഈ സ്ഥലത്ത് വഴിയോര വിശ്രമ കേന്ദ്രം ആരംഭിക്കുന്നതിന് സാധിക്കുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് ടേക്ക് എ ബ്രേക്ക് മേൽ പരാമർശിച്ച സ്ഥലത്ത് നിന്നും മാറ്റുകയും മറ്റൊരു സ്ഥലം ലഭ്യമാക്കാനായി തഹസിൽദാർക്ക് കത്തയക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ചെക്യാട് വില്ലേജിൽ ജാതിയേരി ദേശത്ത് റി.സ 47/1 Bയിൽപ്പെട്ട പി.ഡബ്ലിയൂ.ഡി പുറമ്പോക്ക് സ്ഥലത്തിൽ ഉൾപ്പെടുന്ന 0.0063ഹെക്ടർ സ്ഥലത്തിന്റെ സ്കെച്ച് തഹസിൽദാർ (ഭൂരേഖ), വടകരയുടെ 01-09-23ലെ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം വിട്ട് നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.ജില്ലാ കലക്ടർക്ക് 05-1-23ന് പഞ്ചായത്ത് കത്ത് നൽകുകയും 2023-24ൽ പ്രോജക്റ്റ് നം 16/23ആയി പദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് പിരീഡ് വരെ സ്ഥലം വിട്ട് കിട്ടുകയോ പദ്ധതി ആരംഭിക്കുകയോ ചെയ്തിട്ടില്ല. ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശമുണ്ടായിട്ടും പദ്ധതിയ്ക്കായി സർക്കാർ വിഭാവനം ചെയ്ത രീതിയിലുള്ള അനുയോജ്യമായ സ്ഥലം നാളിതുവരെ കണ്ടത്താൻ കഴിയാത്തത് പഞ്ചായത്തിന്റെ വീഴ്ചയാണ്. പഞ്ചായത്ത് കണ്ടെത്തി പ്രവൃത്തി കരാർ നൽകിയിട്ടും പദ്ധതി പ്രസ്തുത സ്ഥലത്ത് ആരംഭിക്കാൻ കഴിയാത്തതും പഞ്ചായത്തിന്റെ വീഴ്ചയാണ്. ഇതിനാൽ അനുയോജ്യമായതായി നിലവിൽ കണ്ടെത്തിയ സ്ഥലം വിട്ട് കിട്ടുന്നതിനും ആവശ്യമായ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതും പദ്ധതി പൂർത്തീകരിച്ച് വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 ക്ഷീര വികസന മേഖലയിലെ പദ്ധതികൾ ആസൂത്രണ-നിർവ്വഹണ ഘട്ടത്തിലെ അപാകതകൾ.

ക്ഷീരമേഖലയെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്ന കർഷകരുള്ള പഞ്ചായത്തെന്ന നിലയിൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട പ്രൊജക്ടുകളിലൊന്നായിരുന്നു ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ എന്ന പദ്ധതി.എന്നാൽ വകയിരുത്തിയ വിഭവ സ്രോതസ്സ് പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം ക്ഷീര സഹകരണ സംഘങ്ങളിൽ പാല് നൽകുന്ന 214 ക്ഷീര കർഷകർക്ക് മാത്രമാണ് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത്. ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയല്ലാതെ പ്രാദേശികമായി പാൽ വിൽപന നടത്തി ഉപജീവനം കഴിക്കുന്ന ക്ഷീരകർഷകർക്ക് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടില്ല. ഇത് മൂലം പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ള ഒരു വിഭാഗം ക്ഷീരകർഷകർ പദ്ധതിക്ക് പുറത്താകുകയുണ്ടായി.
2. സ്ഥാപനം തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ടിൽ വസ്തുതാ വിവരങ്ങളോ കണക്കുകളോ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷീര കർഷകരുടെ എണ്ണം, ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എന്നിവ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പോലും സ്റ്റാറ്റസ് റിപ്പോർട്ടിൽ ലഭ്യമല്ല. മേഖലയിൽ നേരിടുന്ന വെല്ലുവിളികളും സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേഖലയിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയാതെയും കൃത്യമായ വിവരശേഖരണം നടത്താതെയുമാണ് വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളെ മാത്രം അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃ പട്ടിക പോലും തയ്യാറാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ അർഹതപ്പെട്ട ഒരു വിഭാഗം കർഷകർക്ക് ആനുകൂല്യം ലഭ്യമാവാത്ത സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട്. മേഖലയിൽ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് വർക്കിംഗ് ഗ്രൂപ്പ് പഠനം നടത്തേണ്ടതും സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കാലികമാക്കേണ്ടതുമാണ്. മേൽ വസ്തുതകളെ ആധാരമാക്കിയാണ് പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നതെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-23 ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് നൽകിയിട്ടും നാളിതുവരെയായി പ്രവർത്തി പൂർത്തിയാക്കിയില്ല**

ചെക്യാട് ഗ്രാമപഞ്ചായത്തിലെ വിഇഒ 2020- 21 വർഷം മുതൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിനായി തുക നൽകിയിട്ടും നാളിതുവരെയായി നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ. കൊടുക്കുന്നു

| ക്രമ നമ്പർ | പേര്, വിലാസം | വർഷം | തുക നൽകിയത് | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | സുമി<br>W/o അശോകൻ<br>മാക്കുൽ, അഭയഗിരി<br>വാർഡ് 4 | 2020-21 | 5,20,000 | മേൽക്കൂര കഴിഞ്ഞു |
| 2 | ജയനിഷ<br>സുചിത്രൻ<br>മാക്കുൽ, വാർഡ് 4 | 2020-21 | 5,40,000 | മേൽക്കൂര കഴിഞ്ഞു |
| 3 | ഷംന<br>W/o വിനീഷ്<br>എളമ്പയിൽ<br>അഭയഗിരി, വാർഡ് 4 | 2020-21 | 5,70,000 | മേൽക്കൂര കഴിഞ്ഞു. തേപ്പ് തുടങ്ങി |
| 4 | സീമ<br>W/o ഭരതൻ<br>മാക്കുൽ<br>അഭയഗിരി,വാർഡ് 4 | 2020-21 | 5,24,000 | മേൽക്കൂര കഴിഞ്ഞു |
| 5 | ദിന്യ<br>അജിത്ത്<br>എളമ്പയിൽ<br>അഭയഗിരി,വാർഡ് 4 | 2020-21 | 5,40,000 | മേൽക്കൂര, ജനൽ, തേപ്പ് ഭാഗികം കഴിഞ്ഞു |
| 6 | സുനു<br>W/o അജേഷ്<br>എരഞ്ഞാട്ട്<br>അഭയഗിരി,വാർഡ് 4 | 2021-22 | 30,000 | ചുമരുയരം പൂർത്തിയാക്കി. മേൽക്കൂര പണി തുടങ്ങി. |

| | | | | |
|---|---|---|---|---|
| 7 | സുമ<br>W/o പ്രമോദ്<br>എളമ്പയിൽ<br>അഭയഗിരി,വാർഡ് 4 | 2021-22 | 5,40,000 | മേൽക്കൂര കഴിഞ്ഞു. തേപ്പ് ഭാഗികം |

ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് യിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല**

പ്രോജക്റ്റ് നമ്പർ - 12/22-23

നിർവഹണം - മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി)

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ഫണ്ട് - മെയിന്റൻസ് ഫണ്ട് (നോൺറോഡ്)

ചെലവ് - 1,00,000 ( ബിൽ നമ്പർ -282/2022-23 , തീ - 27.03.2023 )

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 1,00,000 /-രൂപ മുൻകൂറായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി, പാതിരാപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിന് മരുന്നു വാങ്ങാനായി 27.03.2023 ന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 46,394 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്.

ബാക്കി 53,606 രൂപയുടെ ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ചെലവ് തുക 53,606 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-25 ഗുണഭോക്താക്കൾക്ക് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു**

ചെക്യാട് ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ രേഖകൾ, ഡെത്ത് റിപ്പോർട്ട്, ILGMS ഫയലുകൾ, സേവന പെൻഷൻ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

മരണപ്പെട്ട പലരുടെയും അക്കൗണ്ടിലേക്ക് തുടർന്നുള്ള മാസങ്ങളിലും പെൻഷൻ നൽകിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐഡി | മരണപ്പെട്ട ആളുടെ പേര് | മരണ തീയതി | പെൻഷൻ ഇനം | പ്രതിമാസ പെൻഷൻ തുക | മരണപ്പെട്ട ശേഷം അനർഹമായി അനുവദിച്ച കാലയളവ് |
|---|---|---|---|---|---|
| 109980200403 | ആയിശു | 29.03.2022 | വാർദ്ധക്യകാല പെൻഷൻ | 1600 | ഏപ്രിൽ 2022 മുതൽ ഡിസംബർ 2022 വരെ |
| 109980201641 | മുഹമ്മദ് ഉണ്ടിയിൽ | 06.09.2022 | വാർദ്ധക്യകാല പെൻഷൻ | 1600 | ഒക്ടോബർ 2022 മുതൽ നവംബർ 2022 വരെ |
| 109980200529 | കലന്തൻ | 10.09.2022 | വാർദ്ധക്യകാല പെൻഷൻ | 1600 | ഒക്ടോബർ 2022 മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | ഡിസംബർ 2022 വരെ |

പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാവർക്കർമാരെയും ഉപയോഗപ്പെടുത്തി ശേഖരിച്ച് മരണപ്പെട്ടവർക്കും അനർഹർക്കും പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകത പരിഹരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-26 ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത**

2022-23 സാമ്പത്തിക വർഷത്തിൽ ചെക്യാട് ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 01/2021 മുതൽ 08/2022 വരെയുള്ള യാത്രാബത്തയായി 1,17,651 രൂപ അനുവദിച്ചിട്ടുണ്ട്. ബില്ലുകൾ പാസാക്കിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| തീയതി | വൗച്ചർ നമ്പർ | അനുവദിച്ച തുക | പേയ്മെന്റ് ഓർഡർ നമ്പർ | ടി.എ അനുവദിച്ച കാലയളവ് |
|---|---|---|---|---|
| 27.06.2022 | 22200224 | 33,461 | 62240093300240 | 1/2021 മുതൽ 06/2021 വരെ |
| 29.03.2023 | 22201002 | 84,190 | 62240093300946 | 7/2021 മുതൽ 08/2022 വരെ |
| ആകെ | | 1,17,651 | | |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ ജീവനക്കാരന് യാത്രാബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. യാത്രാബത്തക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. ടൂർ ഡയറി/നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്. ILGMSൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ടൂർ ഡയറി അപ് ലോഡ് ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും ടൂർ ഡയറി സമർപ്പിച്ച് ടി.എ. ക്ലെയിം ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ യാത്രാമാർഗ്ഗം, നിരക്ക് എന്നിവ നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമല്ല.

നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി.എ ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്രതലം ഉറപ്പിക്കൽ പ്രവൃത്തി – പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജ.നം -161/22-23

പ്രോജക്റ്റിന്റെ പേര് - അന്ത്യേരി പന്നിയെടുക്കിൽ റോഡ് നവീകരണം

നിർവ്വഹണം - അസി.എഞ്ചിനിയർ

വകയിരുത്തിയ തുക - 400000/- (MG-Road)

ചെലവഴിച്ച തുക - 400000/-

ബിൽ നം - 01414830 Dtd 20S-03-23

ബിൽ തുക - 400000/-

പദ്ധതി പ്രകാരം അന്ത്യേരി പന്നിയെടുക്കിൽ എന്ന ഈ റോഡ് 120.5 മീറ്റർ നീളത്തിൽ റീ ടാർ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതി എം ബുക്ക് പരിശോധിച്ചതിൽ നിന്നും, റോഡിന് ഇരു വശവുമായി 69.6മീറ്റർ നീളത്തിലും 25 സെന്റീമീറ്റർ വീതിയിലും Construction Of Sub Grade And Earthen Shoulders എന്ന 3.14ഡാറ്റ പ്രകാരം പ്രതലം ഉറപ്പിക്കൽ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 11.919m3പ്രവൃത്തിയാണ് ഈ ഡാറ്റയിൽ ചെയ്തതായി കാണിച്ചിരിക്കുന്നത്. ഇതിന് ബിൽ പ്രാകരം ജി.എസ്.ടി ഉൾപ്പടെ 6377/-രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 01-12-2023ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത റോഡിന് ഇരുവശവും ഉയർന്ന മതിൽ ഉള്ളതായും മതിലിനോട് ചേർന്നാണ് റോഡ് നിർമ്മിച്ചിരിക്കുന്നത് എന്നും കണ്ടു. ഇതിനാൽ എം. ബുക്ക് പ്രകാരം സൈഡ് പ്രൊട്ടക്ഷനായി 25സെന്റീമീറ്ററിൽ 3.14ഡാറ്റയിൽ ചെയ്ത പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തിട്ടില്ല എന്ന് കണ്ടു. ഇത് കരാറുകാരന് പ്രവൃത്തി ചെയ്യാതെ തുക നൽകാനിടയാക്കിയിട്ടുണ്ട്.

അപാകത സമ്പന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികം നൽകിയ 6377/- രൂപ തിരിച്ച് ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു. അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-2 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം – പിഴ ഈടാക്കിയില്ല

ചെക്യാട് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | കരാർ തീയതി | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാല യളവ് | സൈറ്റ് കൈ മാറിയ തീയതി | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | Agreed PAC | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | കരാറുകാരൻ |
|---|---|---|---|---|---|---|---|---|---|---|
| 1 | പ്രോജ.നം 27/22-23 പാലോറ ബൈപ്പാസ് റോഡ് നിർമ്മാണം | 07.02.22 | 6 മാസം | 07.02.22 | 05.08.22 | 27.03.23 | 683563.69 | ഫൈൻ ഇടാക്കിയില്ല | 20506.90 | സുകേഷ്. സി.പി |
| 2 | പ്രോജ.നം 34/22-23 ജാതിയേരി തോണിമുക്ക് കടിവെള്ള പദ്ധതി നവീകരണം | 19-01-2022 | 7 മാസം | 19-01-2022 | 16-08-22 | 23-02-23 | 443092.77 | ഫൈൻ ഇടാക്കിയില്ല | 13292.8/- | പി.സി. ബഷീർ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 3 | പ്രോജ.നം 23/22-23 ഘടക സ്ഥാപന ങ്ങളുടെ ഓഫീസ് സജ്ജീ കരണം | 28-12-21 | 7 മാസം | 28-12-21 | 25-07-2022 | 27-03-23 | 356765.27 | ഫൈൻ ഇടാക്കി യില്ല | 10702.9/- | കെ.ഹമീദ് |
| | ആകെ | | | | | | | | 44,502.6/- | |

2021-22ൽ ആരംഭിച്ച പട്ടികയിലെ മൂന്നാമത്തെ പ്രവൃത്തിക്ക് (ഘടക സ്ഥാപനങ്ങളുടെ ഓഫീസ് സജ്ജീകരണം) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനായി ഭരണ സമിതി തീരുമാനിക്കുന്നത് 19-09-2022ലെ 166(8)/22നമ്പർ തീരുമാനപ്രകാരമാണ്. സാങ്കേതിക അനുമതി പ്രകാരം 25-07-2022ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാതെ സമയ പരിധി കഴിഞ്ഞ് 2 മാസത്തോളം കഴിഞ്ഞാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതും. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കരാറുകാരന്റെ വീഴ്ച മൂലം തന്നെയാണ്. ഇതിനാൽ കരാറുകാരൻ പിഴ അടയ്ക്കാൻ ബാധ്യസ്ഥനാണ്.

01.02.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസി.എഞ്ചിനിയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല . ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. . സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായിട്ടും പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പിഴ തുക കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 28.11.2023,29.11.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2022-23 | 2,30,000 | ലൈഫ് സമ്പൂർണ്ണ | 2,30,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഭവന പദ്ധതി എസ്സ് സി | | |
| പഞ്ചായത്ത് | 2022-23 | 5,60,000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ | 5,60,000 | 0 |
| | 2022-23 | 5,00,000 | റിംഗ് കമ്പോസ്റ്റ് | 5,00,000 | 0 |
| | 2022-23 | 4,02,200 | ഭിന്നശേഷി സ്കോളർഷിപ്പ് | 4,02,200 | 0 |
| | 2022-23 | 1,50,000 | ക്ഷീരകർഷകർക്കുള്ള പാലിന് സബ്സിഡി | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5,48,073 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി എസ്സ് സി | 5,48,073 | 0 |
| | 2022-23 | 5,74,716 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി എസ്സ് ടി | 5,74,716 | 0 |
| | 2022-23 | 3,40,000 | ലൈഫ് ഭവന പദ്ധതി എസ്. ടി | 3,40,000 | 0 |
| | 2022-23 | 1,35,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 1,35,000 | 0 |

**4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (KURDFC ലോൺ) | | | 3784000 | 686794 | - | 3097206 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 689717 |
| തൻവർഷം നിക്ഷേപിച്ച തുക | 3048280 |
| ആകെ | 3737997 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3737997 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | ചെക്യാട് സർവീസ് സഹകരണ കോപ്പറേറ്റീവ് ബാങ്ക്,പാറക്കടവ് (FD No – 8530) | 737997 |
| 2 | നാദാപുരം കോപ്പറേറ്റീവ് അർബൻ ബാങ്ക്(FD No – 102120050000001) | 1000000 |
| 3 | നാദാപുരം കോപ്പറേറ്റീവ് അർബൻ ബാങ്ക്(FD No – 102120050000002) | 1000000 |
| 4 | നാദാപുരം കോപ്പറേറ്റീവ് അർബൻ ബാങ്ക്(FD No – 102120050000003) | 1000000 |
| ആകെ | | 3737997 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29,732/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2003-04 | 3-5-5 | 2459 | ഹമീദ്.കെ | 1220100195, തീ-09.05.2022 |
| 2000-01 | 8-2 | 2459 | ടി.കുഞ്ഞിരാമൻ | 1220100323, തീ-24.05.2022 |
| 2003-04 | 3-5-2 | 1260 | ടി.കുഞ്ഞിരാമൻ | 1220100323, തീ-24.05.2022 |
| 2004-05 | 3-7 | 2047 | ടി.കുഞ്ഞിരാമൻ | 1220100323, തീ-24.05.2022 |
| 2005-06 | 3-8 | 12576 | ടി.കുഞ്ഞിരാമൻ | 1220100323, തീ-24.05.2022 |

| | | | | |
|---|---|---|---|---|
| 2005-06 | 3-2-2 | 740 | ശ്രീധരൻ.ഒ.കെ | 1220100421,<br>തീ-02.06.2022 |
| 2005-06 | 3-2-2(2) | 735 | കെ.കരുണാകരൻ | 1220100422,<br>തീ-02.06.2022 |
| 2005-06 | 3-2-3 | 70 | വീണകുമാരി,<br>PTS | 1220100423,<br>തീ-02.06.2022 |
| 2005-06 | 3-2-5 | 480 | വി.കെ.നാണു | 1220100424,<br>തീ-02.06.2022 |
| 2004-05 | 3-1 | 1351 | എം.അശോകൻ,<br>സെക്രട്ടറി | 1220100425,<br>തീ-02.06.2022 |
| 2001-02 | 3-2-1 | 818 | എം.പി.ഹമീദ്,<br>മുൻ പ്രസിഡന്റ് | 1220100603,<br>തീ-15.06.2022 |
| 2003-04 | 3-3 | 2556 | സഹദ്.ടി | 1220100620,<br>തീ-16.06.2022 |
| 2009-10 | 3-15 | 1000 | വളപ്പിൽ അബ്ദുള്ള | 1220100754,<br>തീ-30.06.2022 |
| 2009-10 | 3-15 | 1000 | കരിന്ത്രക്കാട്ട്<br>അബ്ദുള്ള | 1220100755,<br>തീ-30.06.2022 |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 9 | 2001-02 | 11.11 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11) ഖണ്ഡിക 130,131 പ്രകാരം സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിനും ആവശ്യപ്പെട്ട |

| | | | | | |
|---|---|---|---|---|---|
| 2001-02 | 4,12 | 2003-04 | 11.14 | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | റവന്യൂ റിക്കവറി നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |
| 2019-20 | 1-24 | 2020-21 | അനുബന്ധം-2.107 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി പേയ് മെന്റ് | പരാമർശം തുടരുന്നു. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 3,56,80,055 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 3,58,25,990 |
| വരവിനത്തിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50879.6/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 457053/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6,377 | ശ്രീ. അബ്ദുൾ റനീഷ്.പി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 44502.6 | ശ്രീ. അബ്ദുൾ റനീഷ്.പി , അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 - 11 | 199495 | ശ്രീമതി അഖില അശോകൻ വി.ഇ.ഒ |
| 1-12 | 203952 | ശ്രീ ബാബുരാജ് കെ.പി അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 53,606/- | ഡോ. അനിൽകുമാർ.പി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൾ റനീഷ്.പി , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്യാട് ഗ്രാമപഞ്ചായത്ത് | ചേതന ഹൗസ്, കീഴൂർ, പയ്യോളി, കോഴിക്കോട് – 673522 |
| ഡോ. അനിൽകുമാർ.പി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) വളയം ഗ്രാമപഞ്ചായത്ത് | അച്ചൂസ്, തിന്നൂർ, കക്കട്ടിൽ,കോഴിക്കോട് |
| ശ്രീ ബാബുരാജ് കെ.പി അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ചെക്യാട് ഗ്രാമപഞ്ചായത്ത് | കുമുള്ള പറമ്പത്ത് ,നരിപ്പറ്റ, കല്ലാച്ചി |
| ശ്രീമതി അഖില അശോകൻ വി.ഇ.ഒ | വി.ഇ.ഒ ചെക്യാട് ഗ്രാമപഞ്ചായത്ത് | കൊച്ചുകലീക്കതറയിൽ, കാപ്പിൽ ഈസ്റ്റ്, കൃഷ്ണപുരം ആലപ്പുഴ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(1) തി-28.04.2023 | 4 | 40-1, 40-2, 41, 48 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(2) തി-28.04.2023 | 4 | 20, 83, 34, 36 |

| | | | |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(4) തി-28.04.2023 | 2 | 11, 12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(7) തി-28.04.2023 | 1 | 3-1 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(9) തി-28.04.2023 | 1 | 3-12 |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി.5/1339/09 തീ.05/10/09 | 17 | 2-1,2-2,2-3,2-4,2-5,2-6, 2-7,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(10) തി-28.04.2023 | 3 | 2-6, 3-12, 3-14 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡിപി7/28/2022 തി.20.04.2022 | 8 | 2-3, 3-2,3-3,3-6, 3-8,3-9, 3-10,3-12 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(11) തി-28.04.2023 | 3 | 3-4, 3-5, 3-6 |
| 2010-11 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(12) തി-28.04.2023 | 5 | 3-1, 3-2, 3-10, 3-14, 3-15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(13) തി-28.04.2023 | 1 | 3-11 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(14) തി-28.04.2023 | 3 | 2-2,3-9, 3-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(15) തി-28.04.2023 | 3 | 3-8, 3-20, 3-22 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.7/312/21(17) തി-28.04.2023 | 4 | 2-2എ, 2-2ബി(1), 3-2(1), 3-5 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.10/366/2020 തി.18.11.2021 | 34 | 1-6,1-7,1-8(1),(2),(3), 1-9(1),(2),(3)(4),(5),(6), 1-11,1-12,1-13,1-14,1-15,1-16,1-17, 1-18,1-19,1-20,1-21,1-22,1-25,1-26, 1-27,1-28,1-29,1-30,1-31,1-34, 2-1,3-1,4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.7/1348/2021 തി-18.10.2021 | 15 | 1-2,1-10,1-11,1-16,1-17,1-20,1-21, 1-22,1-24,1-25,1-27,1-28,4-8,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.7/1630/2023 തി-22.05.2023 | 19 | 1-1,1-2-1,1-5,1-6,1-7,1-8,1-9,1-10,1-12,1-14, 1-15,1-16,1-18,1-19,1-20,1-21, 1-23,4-8,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി.7/263/2023 തി-24.05.2023 | 24 | 1-1,1-2-1,1-4-1,1-5,1-6,1-7,1-8,1-9,1-10, 1-11,1-12,1-13,1-14, 1-15, 1-16,1-17, 1-18,1-19,1-20,1-21,1-22,2-1,4-8,4-11 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 164/2023 dated 07-07-2023 and submitted on 02-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chekkiad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given, I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chekkiad Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Chekkiad Grama Panchayat for the Year 2022-2023 .

**1.Major Observations**

a) Basic ratios notes to accounts are not included in the Annual Finance Statement.

**2.Other Observations**

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
b) Withdrawal without entry in bankbook.
c) Lapses in making timely and accurate demand entries in Property Tax demand
d) Mismatch in the amounts shown in AFS and Register Abstracts.
e) Mismatch in Deposit Balance sheet B7 schedule figures.
f) Abstracts not recorded in registers.
g) Asset Register not updated.
h)CFC grant Expenditure figure differs in AFS and Registers/Documents

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്